(സി) ഇതു സംബന്ധിച്ച് 306 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 271 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

വർഗ്ഗീയ സംഘട്ടനങ്ങൾ

85. [85] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഗ്ഗീയ സംഘട്ടനങ്ങൾ വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്;

(ബി) എത്ര പേർ മരിക്കാൻ ഇടയായിട്ടുണ്ട്. ഇതിൽ എത്ര പേർക്ക് പരിക്കുപറ്റി;

(സി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വർഗ്ഗീയ സംഘട്ടനങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17-5-01 മുതൽ 31-12-05 വരെ 121 വർഗ്ഗീയ സംഘട്ടനങ്ങൾ നടന്നിട്ടുണ്ട്.

(ബി) മരണപ്പെട്ടവർ - 18

പരിക്കുപറ്റിയവർ - 242

(സി) 421 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ആരാധനാലയങ്ങൾക്കു നേരെയുള്ള അതിക്രമം

86. [86] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യു. ഡി. എഫ്. സർക്കാർ അധികാരമേറ്റതിനുശേഷം ആരാധനാലയങ്ങൾക്കുനേരെ എത്ര തവണ പോലീസ് അതിക്രമം, സാമൂഹ്യ വിരുദ്ധരുടെ ആക്രമണം, മോഷണം, എന്നിവ ഉണ്ടായെന്നും ഇത്തരം നടപടികളിലൂടെ എത്ര പൊൻകുരിശ് പള്ളിക്ക് പറ്റിയെന്നും, ഏതൊക്കെ ആരാധനാലയങ്ങൾക്ക് കേട് പറ്റിയെന്നും അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വർഗ്ഗീയ കലാപങ്ങൾ, മതങ്ങൾ, തമ്മിലുള്ള, പ്രശ്നം, ഒരേ മതവിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നം, മറ്റ് കാരണങ്ങൾ എന്നിവയിലൂടെ എത്ര ആരാധനാലയങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) എത്ര ആരാധനാലയങ്ങൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്നും അവ എന്തൊക്കെ കാരണങ്ങളാലാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

പള്ളികൾക്കുനേരെയുള്ള ആക്രമണം

87. [87] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ സംസ്ഥാനത്ത് എത്തെല്ലാം പള്ളികൾക്കുനേരെ ആക്രമണം ഉണ്ടായിട്ടുണ്ട്;

(ബി) പള്ളി ആക്രമണവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഏതെല്ലാം കേസ്സുകളിലെ പ്രതികളെയാണ് ഇനിയും അറസ്റ്റ് ചെയ്യുവാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതേ കാലയളവിൽ ആക്രമണത്തിന്റെ ഫലമായി എത്ര വൈദികർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്ര വൈദികർക്ക് പരിക്കേറ്റു;

(ഇ) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

ആരാധനാലയങ്ങൾക്കു നേരെയുള്ള ആക്രമണങ്ങൾ

88. [88] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ എത്തെല്ലാം ദേവാലയങ്ങൾക്കുനേരെ ആക്രമണം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly